ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കുടിവെള്ളത്തിന്റെയും കുപ്പിവെള്ളത്തിന്റെയും ഗുണനിലവാരവും ഭൂഗർഭജലത്തിന്റെ ഉപഭോഗവും

23 [1001] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

" ടി. കെ. ദേവകുമാർ:

" എ. കെ. ബാലൻ:

" ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'ജലനയം' നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കുടിവെള്ളത്തിന്റെയും കുപ്പിവെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഭൂഗർഭജലത്തിന്റെ ഉപഭോഗം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1992-ൽ നിലവിൽ വന്ന ജലനയത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് പുതിയ ജലനയം ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും 'ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ' വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം നടത്തുന്നതിനും പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ ടാങ്കർ ലോറികൾക്കും വെള്ളം അനാലിറ്റിക്കൽ ലബോറട്ടറിയിൽ പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കുപ്പികളിലാക്കി വിൽപ്പന നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നോട്ടിഫൈഡ് ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിച്ച് അനാലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്കായി അയയ്ക്കുന്നു. ടി സാമ്പിളുകളിൽ മായം കലർത്തിയതായി കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി, ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly